**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3735** **12-03-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ പദ്ധതികള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി. അബ്ദുറഹിമാന്‍<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീര്‍ത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തില്‍ കായിക വകുപ്പിന്റെ കീഴില്‍ നടപ്പിലാക്കുന്ന പദ്ധതികള്‍ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; | (എ) | കായിക വകുപ്പിന് കീഴില്‍ അഴീക്കോട് നിയോജക മണ്ഡലത്തില്‍ നടപ്പാക്കുന്ന പദ്ധതികള്‍ സംബന്ധിച്ച വിവരങ്ങള്‍ അനുബന്ധമായി ചേര്‍ക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികള്‍ അടിയന്തരമായി പൂര്‍ത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പുരോഗമിച്ച് വരുന്ന പ്രവൃത്തികള്‍ സമയബന്ധിതമായി പൂര്‍ത്തീകരിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍

**അനുബന്ധം**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പാപ്പിനിശ്ശേരി പഞ്ചായത്ത് ഗ്രൗണ്ടിലെ തുരുത്തി ഇൻഡോർ സ്റ്റേഡിയം | 4,89,40,300/- | ഇൻഡോർ സ്റ്റേഡിയത്തിനായുള്ള പൈലിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൈൽ ക്യാപ്പിന്റെ പി.സി.സി പ്രവൃത്തികൾ നടന്നു വരുന്നു. 20% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | അഴീക്കോട് പഞ്ചായത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മാണം | 69,83,000/- | ഫിറ്റ്നസ് സെന്റർ നിർമ്മാണത്തിനായി പഞ്ചായത്ത് നിർദ്ദേശിച്ച കെട്ടിടത്തിന് ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ബലം ഇല്ലാത്തതിനാൽ ഫിറ്റ്നസ് ഉപകരണങ്ങൾ സ്ഥാപിക്കുവാൻ സാധിച്ചിരുന്നില്ല. പഞ്ചായത്ത് പുതുതായി നിർദ്ദേശിച്ച കെട്ടിടത്തിൽ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 3 | കൃഷ്ണ മേനോൻ മെമ്മോറിയൽ ഗവ. വുമൺസ് കോളേജിലെ സ്റ്റേഡിയം നിർമ്മാണം | 5,00,00,000/- | ഹോസ്റ്റൽ ബിൽഡിംഗിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് (2%). |
| 4 | അഴീക്കോട് ഗവ. ഹൈ സ്കൂളിലെ ഗ്രൗണ്ട് വികസന പ്രവൃത്തി | 15,00,000/- | ടി പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | അഴീക്കോട് പഞ്ചായത്ത് സ്റ്റേഡിയം - വൻകുളത്ത് വയൽ (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 1,00,00,000/- | ഡ്രെയിനേജ്, കോമ്പൗണ്ട് വാൾ, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫ്ളെഡ് ലൈറ്റിന്റെ ഫൗണ്ടേഷൻ എന്നിവ 60% പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | അഴീക്കോട് നിയോജക മണ്ഡലത്തിലെ | 65,00,000/- | 25.02.2025 തീയ്യതിയിൽ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വളപട്ടണം സി.എച്ച് .എം .കെ. എസ് മെമ്മോറിയൽ ജി .എച്ച് .എസ്.എസിലെ കായിക അടിസ്ഥാന സൗകര്യ വികസനപ്രവൃത്തി | | 10% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**